

1600 - 2016

# മലയാളിയുടെ അദൃശ്യ സഞ്ചാരങ്ങൾ



എഡിറ്റർ
ബിനീഷ് പുതുപ്പണം

**Vidyarthi Publications**
"Vidyarthi Centre"
Mananchira Tower
A.G. Road, Calicut-01

Book Title:
***Malayaliyude Adrusyasanchaarangal***
(Malayalam)
Subject: Literature and Criticism
First Edition: July, 2016

Printing: Express, Calicut
Cover Designing and Type Setting:
Black Pepper Books Team

Illustrations : Dileep Kizhoor

Rs. 210/-

In Association with

**Black Pepper Books**
Calicut

ISBN 9788192767567
9788192767567
210

# ഉള്ളടക്കം

**അടുക്കളയിൽനിന്ന് അരങ്ങത്തേയ്ക്കും തിരിച്ചും : ആധുനികമലയാളിസ്ത്രീയുടെ കുടുംബിനീരൂപ നിർമ്മിതികൾ ..........12**
*ഡോ. ഷീബ കെ.എം.*

**ഭക്തിയുടെ ലിംഗചരിത്രവും നവോത്ഥാനവും ..........29**
*ഡോ.സജിത കിഴിനിപ്പുറത്ത്*

**സീതയും അപരങ്ങളും – നവത്ഥാന സ്ത്രീ, കുടുംബ സങ്കൽപ്പങ്ങളെ പുനഃപരിശോധിക്കുമ്പോൾ .......... 44**
*പ്രസീത കെ.*

**അങ്കത്തട്ടിൽ നിന്നും അടുക്കളയിലെത്തിയ ചേകോത്തിമാർ ..........61**
*ദിവ്യ. കെ*

**മതമുസ്ലിമും നാഗരികമുസ്ലിമും ..........79**
*ബിദൂർ. കെ*

**പെണ്ണുങ്ങളെ ഇതിലെ, ഇതിലെ ..........86**
*മൈന ഉമൈബാൻ*

**മലയാള ചെറുകഥയിലെ നവോത്ഥാന പാഠങ്ങൾ ..........93**
*ഷൈജു വി*

**അധഃസ്ഥിതർ നവോത്ഥാനത്തെ എഴുതുമ്പോൾ ..........100**
*ഡോ. പ്രദീപൻ പാമ്പിരികുന്ന്*

ഡോ. ഷീബ കെ.എം.

# അടുക്കളയിൽനിന്ന് അരങ്ങത്തേയ്ക്കും തിരിച്ചും : ആധുനികമലയാളിസ്ത്രീയുടെ കുടുംബിനീരൂപനിർമ്മിതികൾ

**ആധുനികലോകക്രമത്തിന്റെ** സാമൂഹ്യബന്ധങ്ങളുടെയും ഉൽപാദനവ്യവസ്ഥയുടെയും സ്ഥാപനത്തിന് വേദിയൊരുക്കിയ അധിനിവേശപരിസരങ്ങളിൽ കേരളത്തിലെ ജാതിവർഗ്ഗഘടനകൾ പരിവർത്തനങ്ങൾക്ക് വിധേയമായപ്പോൾ സ്ത്രീയുടെ അനേകം ഭൂമികകളെ പിൻതള്ളിക്കൊണ്ട് കുടുംബിനി എന്ന രൂപം എങ്ങനെ പരമപ്രധാനമായി അവരോധിക്കപ്പെട്ടു എന്നന്വേഷിക്കാൻ ശ്രമിക്കുകയാണീ ലേഖനത്തിൽ.

## ആധുനികതയുടെ ലിംഗഭേദാവസ്ഥകൾ

യൂറോപ്പിൽ ജ്ഞാനോദയത്തോടെ ഫ്യൂഡൽ ഉൽപാദനവ്യവസ്ഥയെ തകർത്തെറിഞ്ഞ് മുതലാളിത്തം നിലവിൽവരികയും 1789-ൽ പൊട്ടിപ്പുറപ്പെട്ട ഫ്രഞ്ചുവിപ്ലവം ഈ പുത്തൻവ്യവസ്ഥിതിക്ക് ആശയാടിത്തറകൾ സംഭാവനചെയ്യുകയും ചെയ്തു. ആധുനികയുഗത്തെ കുറിക്കുന്ന ലിബറൽ ചിന്തയുടെ മുദ്രണങ്ങൾ സമൂഹത്തിലും സ്വകാര്യസ്വത്തിന്റെ